**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1209** **12-06-2024 - ൽ മറുപടിയ്ക്ക്**

**മൾട്ടിപ്ലക്സ് തിയേറ്ററുകൾ സ്ഥാപിക്കുന്ന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. വി. അൻവർ** | | **ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് സ്ഥലം ലഭ്യമായ നിയോജക മണ്ഡലങ്ങളിൽ മൾട്ടിപ്ലക്സ് തിയേറ്ററുകൾ സ്ഥാപിക്കുന്ന പദ്ധതി നിലവിലുണ്ടോ; എങ്കിൽ ആവശ്യമായ സ്ഥലമടക്കമുള്ളവയുടെ വിശദാംശം ലഭ്യമാക്കാമോ; | (എ) | നിലവിലുണ്ട്. സാങ്കേതിക അനുമതി ലഭിച്ച 100കോടി രൂപയ്ക്ക് ഉൾപ്പെടുത്താവുന്ന പരമാവധി പദ്ധതികളുടെ നിർമ്മാണ പ്രവർത്തികൾ പുരോഗമിച്ച് വരുന്നു. പുതുതായി ആരംഭിക്കാൻ ഉദ്ദേശിക്കുന്ന മൾട്ടിപ്ലക്സ് തീയേറ്ററുകൾക്ക് പുതുക്കിയ കേരള മുനിസിപ്പാലിറ്റി ചട്ടങ്ങളും, മറ്റ് ഡിപ്പാർട്ട്മെന്റിൽ നിന്നുള്ള ചട്ടങ്ങളും പ്രകാരം 2 സ്ക്രീനുകൾ നിർമ്മിക്കുവാനായി ഒരേക്കർ (100 സെന്റ്) സ്ഥലം ആവശ്യമാണ്. |
| (ബി) | സംസ്ഥാനത്ത് ഇത്തരത്തിൽ എവിടെയൊക്കെയാണ് സർക്കാർ മൾട്ടിപ്ലക്സ് തിയേറ്ററുകൾ സ്ഥാപിക്കുന്നതെന്ന് ജില്ല തിരിച്ചുള്ള വിവരം ലഭ്യമാക്കാമോ; മലപ്പുറം ജില്ലയിൽ എവിടെയൊക്കെയാണ് സർക്കാർ മൾട്ടിപ്ലക്സ് തീയേറ്ററുകൾ സ്ഥാപിച്ചിട്ടുള്ളതെന്നും അറിയിക്കാമോ; | (ബി) | ആലപ്പുഴ ജില്ലയിൽ കായംകുളം മുനിസിപ്പാലിറ്റിയിൽ 3 തീയേറ്ററുകൾ അടങ്ങുന്ന ഒരു സമുച്ചയം, കോട്ടയം ജില്ലയിൽ വൈക്കം മുനിസിപ്പാലിറ്റിയിൽ 2 തീയേറ്ററുകളടങ്ങുന്ന ഒരു തീയേറ്റർ സമുച്ചയം, തൃശ്ശൂർ ജില്ലയിൽ അളഗപ്പനഗർ പഞ്ചായത്തിൽ 2 സ്ക്രീനുകൾ അടങ്ങുന്ന ഒരു സമുച്ചയം, കണ്ണൂർ ജില്ലയിൽ പയ്യന്നൂർ മുനിസിപ്പാലിറ്റിയിൽ 2 തീയേറ്റർ അടങ്ങുന്ന ഒരു സമുച്ചയം, കണ്ണൂർ ജില്ലയിൽ പായം പഞ്ചായത്തിൽ പ്രസ്തുത പഞ്ചായത്ത് നിർമ്മിക്കുന്ന ഷോപ്പിംഗ് കോംപ്ലക്സിലെ 2-3 നിലകളിലായി 2 സ്ക്രീനുകൾ അടങ്ങുന്ന തീയേറ്റർ എന്നിവയാണ് നിലവിൽ നിർമ്മാണ പ്രവർത്തികൾ പുരോഗമിച്ചു വരുന്ന തീയേറ്റർ സമുച്ചയങ്ങൾ. മലപ്പുറം ജില്ലയിലെ താനൂരിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിച്ചിരുന്നുവെങ്കിലും PWD വക സ്ഥലം കെ.എസ്.എഫ്.ഡി.സി -ക്ക് യഥാവിധി കൈമാറി കിട്ടാത്തതിനാൽ തുടർ നടപടികൾ സ്വീകരിക്കുവാൻ കഴിഞ്ഞിട്ടില്ല. |
| (സി) | നിലമ്പൂർ നിയോജകമണ്ഡലത്തിൽ സൗജന്യമായി സ്ഥലം ലഭ്യമാക്കിയാൽ മൾട്ടിപ്ലക്സ് തീയേറ്റർ സമുച്ചയം സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ? | (സി) | അനുയോജ്യമായ സ്ഥലവും ഫണ്ടും ലഭ്യമാകുന്ന മുറയ്ക്ക് തീയേറ്റർ നിർമ്മാണ പദ്ധതിയിൽ നിലമ്പൂർ നിയോജക മണ്ഡലത്തേയും പരിഗണിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ